# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.851. 29.09.2016 -ലെ മറുപടിയ്ക്ക്

**യൂണിവേഴ്സിറ്റി കോളേജ്, ആർട്സ് കോളേജ് എന്നിവിടങ്ങളിലെ ബി.എസ്.സി ഫിസിക്സ് പ്രവേശനം**

ചോദ്യം

ശ്രീ. എം. സ്വരാജ് :

ഉത്തരം

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തലസ്ഥാനത്തെ യൂണിവേഴ്സിറ്റി കോളേജ്, ഗവൺമെന്റ് ആർട്സ് കോളേജ് എന്നിവിടങ്ങളിൽ ബി.എസ്.സി ഫിസിക്സ് വിഭാഗത്തിൽ എത്ര സീറ്റുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ബി.എസ്.സി. ഫിസിക്സ് കോഴ്സിന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിന് 50 സീറ്റുകളും, തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിന് 24 സീറ്റുകളുമാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | ഈ അധ്യയന വർഷം എത്ര ശതമാനം സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു എന്ന് അറിയിക്കുമോ; | (ബി) | സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാത്ത വിധത്തിൽ പരമാവധി 20% സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | നിലവിൽ ഇവിടെ എത്ര സീറ്റുകളിലാണ് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) | നിലവിൽ തിരുവനന്തപുരം ആർട്സ് കോളേജിൽ 30 വിദ്യാർത്ഥികൾക്കും (24 + 5(വർദ്ധിപ്പിച്ച സീറ്റ്) +1 സ്പോർട്സ് കൗൺസിൽ) തിരുവനന്തപുരം യുണിവേഴ്സിറ്റി കോളേജിൽ 51 സീറ്റുകളിലും (50 + 1 സീറ്റ് ലക്ഷദ്വീപ് വിഭാഗത്തിലുള്ള സംവരണം) പ്രവേശനം നൽകിയിട്ടുണ്ട്. |
| (ഡി) | അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉണ്ടെന്ന കാരണം പറഞ്ഞ് നിലവിലുണ്ടായിരുന്ന സീറ്റുകളിലേക്കും വർദ്ധിപ്പിച്ച | (ഡി) | തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ നിവിലുണ്ടായിരുന്ന സീറ്റുകളിലേക്കും |

| | | | |
|---|---|---|---|
| | സീറ്റുകളിലേക്കും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | വർദ്ധിപ്പിച്ച സീറ്റുകളിലേക്കും പ്രവേശനം നൽകിയിട്ടുണ്ട്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ കൗൺസിൽ തീരുമാനപ്രകാരം സീറ്റ് വർദ്ധിപ്പിച്ചിട്ടില്ല. നിലവിലുണ്ടായിരുന്ന സീറ്റുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. |
| (ഇ) | ടി സീറ്റുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; അവയുടെ വിശദാംശം അറിയിക്കുമോ? | | തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ നിലവിലുള്ളതും വർദ്ധിപ്പിച്ചതുമായ സീറ്റുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ സയൻസ് വിഭാഗത്തിൽ മാർജിനൽ ഇൻക്രീസിനുവേണ്ടി ആവശ്യപ്പെട്ടിട്ടില്ല. നിലവിലുണ്ടായിരുന്ന സീറ്റുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**